**നഗര ഗ്രാമാസൂത്രണ വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട്**
**നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട് – മാനന്തവാടി നഗരസഭാ മാനന്തവാടി വില്ലേജ് ഹോസ്പിറ്റൽ കെട്ടിടം കൂട്ടിച്ചേർക്കൽ – ലേ-ഔട്ട്/യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ഡയറക്ടറുടെ 4/11/19 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPWYD/875/2019-C തീയതി 06/12/2019**

മാനന്തവാടി നഗരസഭയിൽ മാനന്തവാടി വില്ലേജിൽ റീ സർവ്വേ നമ്പർ 109/3A, 109/3B, 109/4, 109/68, 109/69, 109/72, 109/74, 109/75, 109/79 & 109/82 ൽ പ്പെട്ട 1.1668 ഹെക്ടർ സ്ഥലത്ത് കെ.എം.ബി.ആർ 1999, ലെ റൂൾ 30(3)(ഡി) പ്രകാരം ഗ്രൂപ്പ് സി മെഡിക്കൽ വിഭാഗത്തിൽ വരുന്നതും, രണ്ട് സെല്ലാർ ഫ്ലോർ ഉൾപ്പെടെ 5 നിലകളിലായി 3694.86 ച.മീറ്റർ വരുന്ന ആശുപത്രി കെട്ടിടം, സെല്ലാർ ഫ്ലോർ ഉൾപ്പെടെ 4 നിലകളിലായി 1030.28 ച.മീറ്റർ ഫ്ലോർ ഏരിയ വരുന്ന ഹോസ്റ്റൽ കെട്ടിടം എന്നിങ്ങനെ ആകെ 4725.14 ച.മീറ്റർ ഫ്ലോർ ഏരിയ വരുന്ന നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിചേർത്ത് മൂന്ന് നിലകളിലായി 5063.66 ച.മീറ്റർ ഫ്ലോർ ഏരിയ വരുന്ന (Built-up ഏരിയ 6280.67 ച.മീറ്റർ, തറ വിസ്തീർണം 1843.57 ച.മീറ്റർ) ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് (കെട്ടിടങ്ങളുടെ ആകെ ഫ്ലോർ ഏരിയ 9788.80 ച.മീറ്റർ, എഫ്.ഐ.ആർ-0.84, കവറേജ്-40.81%) താഴെപറയുന്ന നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയിൽ ലേ - ഔട്ട്/യൂസേജ് അനുമതി നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ എം ബി ആർ 1999 ലെയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ്പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. നിർമ്മാണസ്ഥലത്തേക്കുള്ള വഴി ഉപയോഗിക്കുന്നതിന് അപേക്ഷകനുള്ള നിയമ പരമായ അവകാശം രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർമ്മാണത്തിന് സംസ്ഥാന ഫയർഫോഴ്സ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കേണ്ടതാണ്.
5. ബേസ്മെന്റ് ഫ്ലോർ, പാർക്കിംഗ് സ്ഥലം എന്നിവയിലേക്കുള്ള വഴിയുടെ സ്ലോപ്പ് 1 in 7 ൽ കൂടാൻ പാടുള്ളതല്ല.
6. സ്റ്റെയർകേസുകൾ തമ്മിലുള്ള അകലം 60 മീറ്ററിൽ കൂടാൻ പാടുള്ളതല്ല.
7. സെല്ലാർ ഫ്ലോർ ഉൾപ്പെടെ നിർമാണത്തിന്റെ ഉയരം 16 മീറ്ററിൽ കൂടുതൽ വരുന്നതിനാൽ നിർമ്മാണത്തിന് ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി ലഭ്യമാകേണ്ടതാണ്
8. മലിനജല സംഭരണം, ശുദ്ധീകരണം, പുനരുപയോഗം എന്നിവക്ക് ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും surface drainage network സജ്ജീകരി ക്കേണ്ടതുമാണ്.

9. നിർമ്മാണസ്ഥലത്തിന്റെവടക്ക്-കിഴക്ക് അതിരിലും, നിർമ്മാണ ആവശ്യത്തിനായി മണ്ണെടുക്കുന്ന സ്ഥലങ്ങളിലും റീട്ടൈനിംഗ് വാൾ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കേണ്ടതും നിർമ്മാണസ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കേണ്ടതുമാണ്.
10. മണ്ണ് കുഴിച്ച് മാറ്റുന്നതിനും നിറയ്ക്കുന്നതിനും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതികൾ വാങ്ങേണ്ടതാണ്.
11. 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ മണ്ണ് മാറ്റുന്ന സംഗതിയിൽ റൂൾ 11 A പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
12. ഇൻസിനറേറ്റർ, സോളിഡ് വേസ്റ്റ് പിറ്റ് എന്നിവയിലേക്ക് മതിയായ പ്രവേശന മാർഗ്ഗം ഒരുക്കേണ്ടതാണ്.
13. നിർമ്മാണ സ്ഥലത്തേക്കുള്ള വഴി പ്ലാനുകളിൽ കാണിച്ചിരിക്കുന്ന വിധത്തിൽ വികസിപ്പിക്കേണ്ടതാണ്.
14. പാർക്കിംഗ് കെട്ടിടത്തിന്റെ structural stability, സുരക്ഷാ സജ്ജീകരണങ്ങൾ എന്നിവ ഉറപ്പ് വരുത്തേണ്ടതാണ്.
15. ചട്ടപ്രകാരം സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിക്കേണ്ടതാണ്.
16. നിർമ്മാണ സ്ഥലത്തിന്റെ ഹരിതാഭ നിലനിർത്തുന്നതിലേക്കായി ഉചിതമായ മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.
17. Mechanical parking കാര്യക്ഷമമായി പ്രവൃത്തിപ്പിക്കാൻ uninterrupted വൈദ്യുതി ലഭിക്കാൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
18. നിലവിലെ കെട്ടിടങ്ങളും നിർമാണങ്ങളും അംഗീകൃതമാണെന്നു സെക്രട്ടറി ഉറപ്പ വരുത്തിയിരിക്കണം.
19. ചട്ടങ്ങൾ 109 A, 109 B, 109 C പ്രകാരമുള്ള മഴവെള്ള ശേഖരണ സംവിധാനം, മഴവെള്ള സംഭരണി , സൗരോർജ ചൂടുവെള്ളം/ലൈറ്റിംഗ് സംവിധാനങ്ങൾ ഏർപെടുത്തിയിരിക്കണം.
20. ബാധകമായ മറ്റു അനുമതികൾ എല്ലാം വാങ്ങിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മാനന്തവാടി നഗരസഭാ സെക്രട്ടറിയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

16/2019 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.

RAMACHANDRAN A
TOWN PLANNER

ഉള്ളടക്കം : പ്ലാൻ 1 സെറ്റ്

ഡയറക്ടർ,
സെന്റ്ജോസഫ് മിഷൻ ഹോസ്പിറ്റൽ
മാനന്തവാടി, വയനാട്

പകർപ്പ് : സെക്രട്ടറി, മാനന്തവാടി നഗരസഭ



12/12/19.